# നീ നമസ്കരിക്കുക,
## നിനക്ക് നമസ്കരിക്കുന്നതിന് മുമ്പ്

[ Malayalam - മലയാളം - مليالم ]

## صلّ قبل أن يصلي عليك


സി.പി. സ്വലാഹുദ്ദീൻ സ്വലാഹി

صلاح الدين صلاحي



Web edition by:

islamhouse.com

1432 – 2011

بسم الله الرحمن الرحيم

‘താങ്കൾ നമസ്കരിക്കാത്തവനാണോ? താങ്കളുടെ കുടുംബ ത്തിൽ ആരെങ്കിലും നമസ്കരിക്കാത്തവരുണ്ടോ? എങ്കിൽ താങ്കളു ടെ ഉദ്ദേശ്യം എന്താണ്? നരകം തന്നെ മതിയെന്നോ?

സഹോദരാ...... താങ്കൾ കത്തിജ്വലിക്കുന്ന അഗ്നികുണ്ഠാര ത്തിൽ കിടന്ന് കത്തിയെരിയാൻ ആഗ്രഹിക്കുന്നോ? തിളച്ചു മറി ഞ്ഞു കൊണ്ടിരിക്കുന്ന ആ നരകത്തിന്റെ കാവൽക്കാർ ചോദി ക്കും: ‘നിങ്ങൾക്ക് മുന്നറിയിപ്പുകാർ വന്നിരുന്നില്ലേ? തീർച്ചയായും താങ്കൾക്കൊപ്പം ഈ എഴുത്തും ഹാജരാക്കും.

സഹോദരാ...... താങ്കളുടെ കാര്യം വളരെയധികം ആശ്ചര്യം തന്നെ. എത്രയെത്ര സമയം താങ്കൾ വെറുതെ പാഴാക്കുന്നു. അല്ലാ ഹുവിനെ സ്മരിക്കാൻ അൽപ്പ സമയമെങ്കിലും കണ്ടെത്തിക്കൂടെ?. നമസ്കാരം നിർവ്വഹിക്കുന്നതിൽ പ്രവാചകൻ(ﷺ) കാണിച്ച താൽ പ്പര്യം അതിന്റെ പ്രാധാന്യം മനസ്സിലാക്കാൻ പര്യാപ്തമാണ്. നബി (ﷺ) നിശാവേളയിൽ കാലിൽ നീർകെട്ടി വീർക്കുവോളം നമസ്ക രിച്ചു. അപ്പോൾ ആയിശാ(ﷺ) ചോദിച്ചു: ‘‘മുമ്പും പിമ്പുമുള്ള സർ വ്വ പാപങ്ങളും പൊറുക്കപ്പെട്ടിരിക്കെ താങ്കളെന്തിനാണ് ഇപ്രകാരം നമസ്കരിക്കുന്നത്? അദ്ദേഹം പറഞ്ഞു ഞാൻ നന്ദിയുള്ള ഒരു ദാ സനാകേണ്ടതില്ലെ’’?

സഹോദരാ..... അവിശ്വാസികളിൽ നിന്ന് വിശ്വാസികളെ വേർ തിരിക്കുന്ന ചിഹ്നമായിട്ടാണല്ലോ നബി(ﷺ) നമസ്കാരത്തെ വിശേ ഷിപ്പിച്ചിട്ടുള്ളത്. അതിനാൽ താങ്കൾ വിശ്വാസിയാകണമെങ്കിൽ ഇ ന്നു തന്നെ നമസ്കാരം തുടങ്ങുക. നരകത്തിൽ നിന്ന് മോചനം തേടുക. മനുഷ്യന്റെ കർമ്മങ്ങളിൽ പരലോകത്ത് ഒന്നാമതായി വി ചാരണ ചെയ്യപ്പെടുന്ന ആ നമസ്കാരം ഒരു വഖ്ത് പോലും പാഴാ യിപ്പോകുന്നത് ഭയപ്പെടുക.

സഹോദരാ..... നമസ്കാരം മുറപ്രകാരം നിർവ്വഹിക്കുന്ന ആ ളുകൾ സ്വർഗ്ഗത്തോപ്പുകളിൽ ആയിരിക്കും. കുറ്റവാളികളെക്കുറിച്ച് അവർ അന്വേഷിക്കും. നിങ്ങളെ നരകത്തിൽ പ്രവേശിപ്പിച്ചത് എ ന്താണെന്ന്. അപ്പോൾ കുറ്റവാളികൾ മറുപടി പറയും: ‘‘ഞങ്ങൾ ന

മസ്കരിക്കുന്നവരുടെ കൂട്ടത്തിലായില്ല'' എന്ന്. പരിശുദ്ധ ഖുർആൻ വ്യക്തമാക്കിയതാണ് ഇത്.

രാജാധിരാജനായ റബ്ബുൽ ഇസ്സത്തിൽ നിന്നുള്ള രക്ഷയല്ലാതെ മറ്റൊരു രക്ഷയുമില്ലാത്ത ആ സമയത്ത് ഖേദിച്ചിട്ട് കാര്യമുണ്ടാവില്ല. സഹോദരാ..... അല്ലാഹു നമ്മെ കാത്ത് രക്ഷിക്കുമാറാകട്ടെ. നമസ്കരിക്കാനുള്ള മനസ്സ് താങ്കൾക്ക് അല്ലാഹു പ്രദാനം ചെയ്യുമാറാകട്ടെ. അല്ലാഹുവിന്റെ വിളിയാളം ഒരിക്കൽ കൂടി ശ്രദ്ധിക്കൂ:'

'വിശ്വസിച്ചവരെ, നിങ്ങൾ റുകൂഅ് ചെയ്യുവിൻ, സുജൂദ് ചെയ്യുവിൻ, നിങ്ങളുടെ രക്ഷിതാവിന് ആരാധന ചെയ്യുവിൻ, നിങ്ങൾ നല്ലത് പ്രവർത്തിക്കുവിൻ, നിങ്ങൾ വിജയം വരിച്ചേക്കാം.'' (ഹജ്ജ്: 77).

സഹോദരാ..... താങ്കൾ ഈ നിമിഷം മുതൽ നമസ്കാരം തുടങ്ങുക. നഷ്ടപ്പെട്ട നമസ്കാരത്തെക്കുറിച്ച് അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങുക. മറ്റുള്ളവരോട് നമസ്കരിക്കുവാൻ ഉപദേശിക്കുക. അനേകം സഹോദരങ്ങൾ മനുഷ്യന്റെ കൊടിയ ശത്രുവായ പിശാചിന്റെ വലയിൽ അകപ്പെട്ട് നരകക്കുണ്ടിലേക്ക് ചാടാൻ വെമ്പൽ കൊള്ളുന്നു. അവരെ അതിൽ നിന്നും രക്ഷിക്കാൻ നിതാന്ത ജാഗ്രത പുലർത്തുക. നമ്മുടെ മരണസമയം എപ്പോഴാണെന്ന് നമുക്കറിയില്ല. ഒരുപക്ഷെ, പെട്ടെന്നായിരിക്കും അത് സംഭവിക്കുക.

സഹോദരാ..... അവസാനമായി ഒരു വാക്കു കൂടി. 'നീ നമസ്കരിക്കുക; മറ്റുള്ളവർ നിനക്ക് വേണ്ടി നമസ്കരിക്കുന്നതിന് മുമ്പ്'. ഈ സന്ദേശം താങ്കളുടെ ഹൃത്തടത്തിൽ എന്നും പച്ചപിടിച്ചു നിൽക്കട്ടെ. സ്വർഗമായിരിക്കട്ടെ നിന്റെ ലക്ഷ്യം അതിന്ന് വേണ്ടിയാകട്ടെ നിന്റെ അധ്വാനം. അല്ലാഹു അനുഗ്രഹിക്കട്ടെ

കരുണാവാരിധിയായ നാഥാ.. ഈ സന്ദേശം വന്നുകിട്ടിയിട്ടും നമസ്കരിക്കാത്തവർ അവിശ്വാസികളും നിന്നെ ധിക്കരിക്കുന്നവരുമായിരിക്കും. അവർക്കെതിരിൽ നാഥാ, നാളെ നിന്റെ കോടതിയിൽ ഈ എഴുത്ത് സാക്ഷിയായിരിക്കും.

وصلى الله عليه وسلم على نبينا محمد وعلى آله وصحبه وسلم.

************